# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**
പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2020 ഒക്ടോബർ 02

# വാർത്താക്കുറിപ്പ്

## ഔഷധസസ്യ വൈവിധ്യം സംരക്ഷിക്കാൻ എം.ജി.യിൽ ഉദ്യാനമൊരുങ്ങുന്നു

ഔഷധസസ്യ വൈവിധ്യം സംരക്ഷിക്കാനും ഇവയുമായി ബന്ധപ്പെട്ട ഗവേഷണവും വിജ്ഞാനവ്യാപനവും ലക്ഷ്യമിട്ട് മഹാത്മാഗാന്ധി സർവകലാശാല ഔഷധസസ്യോദ്യാനം ഒരുക്കുന്നു. ഉദ്യാനത്തിന്റെ നിർമാണോദ്ഘാടനം ഗാന്ധിജയന്തി ദിനത്തിൽ സർവകലാശാല കാമ്പസിലെ അതിഥി മന്ദിരത്തിനു സമീപം ആശോകമരം നട്ട് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു.

ഔഷധസസ്യങ്ങളുടെ മികച്ച ശേഖരമുള്ള വലിയ ഉദ്യാനം രൂപപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് വൈസ് ചാൻസലർ പറഞ്ഞു. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാരായ എൻ. ശശിധരൻ ഉണ്ണിത്താൻ, രമേശ് നാരായണൻ, ഹെർബൽ ഗാർഡൻ സൂപ്പർവൈസർ സി.എസ്. ജയപ്രകാശൻ, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പങ്കെടുത്തു. സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ സഹകരണത്തോടെ അരയേക്കറിലധികം സ്ഥലത്താണ് ഔഷധസസ്യ ഉദ്യാനം ഒരുക്കുന്നത്.

**ചിത്രം കാപ്ഷൻ**

**മഹാത്മാഗാന്ധി സർവകലാശാലയിലെ ഔഷധ സസ്യ ഉദ്യാനത്തിന്റെ നിർമാണോദ്ഘാടനം അശോകമരം നട്ട് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ സമീപം.**

(പി.ആർ.ഒ/39/944/2020)

## എം.ജി.യിൽ ഗാന്ധിജയന്തി ആഘോഷം

മഹാത്മാഗാന്ധിയുടെ ജന്മദിനാഘോഷം മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ എന്നിവർ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് നിർദേശങ്ങൾ കർശനമായി പാലിച്ചായിരുന്നു പരിപാടി.

**ചിത്രം കാപ്ഷൻ**

**ഗാന്ധി ജയന്തി ദിനാഘോഷത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിലെ ഗാന്ധി പ്രതിമയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പുഷ്പാർച്ചന നടത്തുന്നു.**

(പി.ആർ.ഒ/39/945/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ